# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 7017

13.07.2012-ൽ മറുപടിയ്ക്ക്

## പട്ടികജാതിക്കാരുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികൾ

**ചോദ്യം**

ശ്രീ. സി. ദിവാകരൻ

**ഉത്തരം**

ശ്രീ. എ. പി. അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | പട്ടികജാതി ക്ഷേമത്തിനായി കഴിഞ്ഞ രണ്ടു വർഷക്കാലത്ത് നടപ്പിലാക്കിയ ക്ഷേമ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | എ) | ഭവനരഹിതരായ പട്ടികജാതിക്കാർക്ക് പുതിയ വീടുകൾ നിർമ്മിച്ചു നൽകി. ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുന്നതിന് സഹായം. പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം, ക്രിട്ടിക്കൽ ഗ്യാപ് ഫില്ലിംഗ് സ്കീം ഉപയോഗിച്ച് കുടിവെള്ളം, വൈദ്യുതി, ശുചിത്വം, ആരോഗ്യപരിപാലനം, അടിസ്ഥാന ആവശ്യങ്ങൾ, വിദ്യാഭ്യാസവും പരിശീലനവും ഉൾപ്പെടെയുള്ള മനുഷ്യ വിഭവശേഷി വികസനം, വിദേശത്ത് തൊഴിലവസരങ്ങൾ തേടുന്ന യുവാക്കൾക്ക് ധനസഹായം, സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 8-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് സൈക്കിൾ നൽകൽ എന്നിവ നടപ്പാക്കി. കർഷക തൊഴിലാളികൾക്ക് കൃഷിഭൂമിയും വീട് വയ്ക്കാൻ സ്ഥലവും നൽകി. പട്ടികജാതി വിദ്യാർത്ഥികൾക്ക് മെട്രിക്കുലേഷന് മുമ്പുള്ള പഠനത്തിന് സ്കോളർഷിപ്പും സ്റ്റൈപ്പന്റും നൽകി. മെട്രിക്കുലേഷന് ശേഷമുള്ള പഠനത്തിന് ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് മുതലായവ |

| | | | |
|---|---|---|---|
| | | | നൽകി. 4-ാം ക്ലാസ്സിലും, 7-ാം ക്ലാസ്സിലും പഠിക്കുന്ന മിടുക്കരായ വിദ്യാർത്ഥികളെ കണ്ടെത്തി സ്കോളർഷിപ്പ് നൽകുകയും, മുൻകാലങ്ങളിൽ വൃത്തിഹീനമായ തൊഴിലിൽ ഏർപ്പെട്ടിരുന്ന പട്ടികജാതിക്കാരുടെ ആശ്രിതരായ കുട്ടികൾക്ക് സ്റ്റൈപ്പന്റ്, ലംപ്സംഗ്രാന്റ് മുതലായ ആനുകൂല്യങ്ങൾ നൽകി. പട്ടികജാതിക്കാർക്ക് ഭവന നിർമ്മാണത്തിന് പലിശ ഇല്ലാതെ വായ്പ, ചികിത്സാധനസഹായം, മിശ്രവിവാഹിതർക്ക് ധനസഹായം, സ്വയം തൊഴിൽ പദ്ധതി, മെഡിക്കൽ, എഞ്ചിനിയറിംഗ് എൻട്രൻസിന് പരിശീലനം നൽകുന്ന വിഷൻ 2013 പദ്ധതി നടപ്പിലാക്കി, പട്ടികജാതി കോളനികളിൽ വിജ്ഞാൻ വാടികൾ എന്നിവയെല്ലാം നടപ്പാക്കി. |
| ബി | ഇതിനായി മൊത്തം എന്ത് തുക ചെലവിട്ടു; എത്ര പേർക്ക് ആനുകൂല്യം ലഭിച്ചു; | ബി | ഇതിനായി കഴിഞ്ഞ രണ്ടു വർഷത്തിൽ (പിഡബ്ളിയുഡി ഉൾപ്പെടെ)<br>മൊത്തം 121023.70 ലക്ഷം രൂപ ചെലവായി<br>1430000 പേർക്ക് ആനുകൂല്യം ലഭിച്ചു.<br>(ആനുകൂല്യം ലഭിച്ചവരുടെ കണക്കിൽ പ്രീമെട്രിക് സ്കോളർഷിപ്പും പോസ്റ്റ്മെട്രിക് സ്കോളർഷിപ്പും ലഭിച്ച വിദ്യാർത്ഥി കളും ഉൾപ്പെടുന്നു.) |
| സി | പ്രസ്തുത പദ്ധതികൾ പ്രകാരമുള്ള ധനസഹായം ലഭിക്കുന്നതിന് സമർപ്പിച്ച എത്ര അപേക്ഷകളാണ് തീർപ്പു കല്പിക്കാൻ അവശേഷിക്കുന്നത് ? | സി | ധനസഹായം ലഭിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള എല്ലാ പട്ടികജാതിക്കാരുടെയും അപേക്ഷകൾ പരിഗണിക്കുകയും അർഹരായ എല്ലാവർക്കും ധനസഹായം നൽകിയിട്ടുള്ളതുമാണ്. |

Sabu KJ

**സെക്ഷൻ ഓഫീസർ**